DESPATCHED
On. 13/5/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 214(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 3677/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മേയ് 10**

ശ്രീ. നിഷാദ് ശോഭനൻ,
പുളിങ്ങ്യാൻപിള്ളി വീട്,
പുത്തൻവേലിക്കര പി.ഒ.,
മളവന, എറണാകുളം – 683 594.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഫിനാൻസ് ഓഫീസർ,
കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്, തൈക്കാട്,
തിരുവനന്തപുരം – 14.
2) അപ്പീൽ അധികാരി & സെക്രട്ടറി,
കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്, തൈക്കാട്,
തിരുവനന്തപുരം – 14.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 30/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 25/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/02/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 24/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/03/2022 |

## ഉത്തരവ്

ശ്രീ. നിഷാദ് ശോഭനൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾക്ക് ഒരു വെബ്സൈറ്റ് വിലാസമാണ് മറുപടിയായി നൽകിയതെന്നും അതിനെതിരെ സമർപ്പിച്ച അപ്പീലിനും അതേ മറുപടിയാണ് നൽകിയതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതെ ബുദ്ധിമുട്ടിച്ച എതിർകക്ഷികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും ടിയാൻ

ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തവും വിശദമായും മലയാളത്തിൽ ലഭിക്കുന്നതിനുവേണ്ട നടപടികൾ ഉണ്ടാകണമെന്നുമാണ്.

2. ഹർജിക്കാരൻ തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ. മുമ്പാകെ 30.11.2021-ന് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, കേരളത്തിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലായോ എന്നും ടി നിയമത്തിന്റെ വിശദവിവരങ്ങൾ, ടി നിയമം നടപ്പിലാക്കാത്ത ബന്ധപ്പെട്ട സ്ഥാപനങ്ങൾ, ഹോസ്പിറ്റലുകൾ, ക്ലിനിക്കുകൾ എന്നിവയ്ക്ക് എവിടെയാണ് പരാതി നൽകേണ്ടതെന്നും, നിയമത്തിൽ പറയുന്ന പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും മലയാളത്തിൽ ലഭ്യമാക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 08.12.2021 തീയതി എസ്.പി.ഐ.ഒ. ഒരു ഇടക്കാല മറുപടി നൽകിയതായി കാണുന്നു. തുടർന്ന് 18.2.2022 തീയതി ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ടി ഓഫീസിൽ ലഭിച്ച അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് 15.12.2021-ലെ 543/കെ.എസ്.സി.സി.ഇ/2021 നമ്പർ കത്ത് പ്രകാരം അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള മൂന്ന് ചോദ്യങ്ങൾക്കും മറുപടി നൽകിയിട്ടുള്ളതാണെന്നും കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം/ചട്ടം എന്നിവയിലാണ് ടി നിയമം സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ ഉള്ളതെന്നും നിയമത്തിന്റെയും ചട്ടത്തിന്റെയും പകർപ്പുകൾ കൗൺസിലിന്റെ www.clinicalestablishments.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണെന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ 25.01.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച ഒന്നാം അപ്പീൽ, ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിവച്ചുകൊണ്ട് 18.2.2022-ന് തീർപ്പാക്കിയിട്ടുള്ളതാണ്.

4. രണ്ടാം എതിർകക്ഷി 30.3.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. നിഷാദ് ശോഭനന്റെ അപ്പീൽ ടി ഓഫീസിൽ ലഭിക്കുന്നത് 27.01.2022-നാണെന്നും, ടിയാൻ വിവരാവകാശ നിയമപ്രകാരം 30.11.2021-ന് നൽകിയ അപേക്ഷ പരിശോധിക്കുകയും ടി അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 8.12.2021-ന് അയച്ചു നൽകിയിട്ടുള്ളതും 10.12.2021-ന് ടി ഓഫീസിൽ ലഭിക്കുകയും 15.12.2021-ന് മറുപടി നൽകിയിട്ടുള്ളതാണെന്നും അപേക്ഷകൻ ആവശ്യപ്പെട്ട വിശദാംശങ്ങൾക്ക് സ്പഷ്ടമായ മറുപടിയാണ് നൽകിയിട്ടുള്ളതെന്നും കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം 2018-ലെ സുപ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെ എന്ന ചോദ്യത്തിനാണ് കൗൺസിലിന്റെ വെബ്സൈറ്റ് വിലാസം നൽകിയിട്ടുള്ളതെന്നും ഒൻപത് അധ്യായങ്ങളിലായി നിരവധി സുപ്രധാന നിർദ്ദേശങ്ങൾ ടി നിയമത്തിൽ പരാമർശിച്ചിരിക്കുന്നതിനാലും അപേക്ഷകൻ ഏത് നിർദ്ദേശമാണ്

RIGHT TO INFORMATION

ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാത്തതിനാലുമാണ് കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം/ചട്ടം എന്നിവ പൊതുജനങ്ങൾക്ക് പ്രാപ്യമാക്കുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വെബ്സൈറ്റ് വിലാസം നൽകിയതെന്നും ശ്രീ. നിഷാദ് ശോഭനന് ആദ്യം നൽകിയ മറുപടിയിൽ തൃപ്തനല്ലെന്ന് ചൂണ്ടിക്കാണിച്ച് സമർപ്പിക്കപ്പെട്ടിട്ടുള്ള അപ്പീൽ അപേക്ഷയിൽ ഈ കാര്യങ്ങൾ വ്യക്തമാക്കി മാതൃഭാഷയിൽ തന്നെ മറുപടി സമയപരിധിക്കുള്ളിൽ നൽകിയിട്ടുള്ളതാണെന്നും ഈ വിഷയത്തിൽ എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ ശരിയാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗക്കാർ വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് ആനുകൂല്യത്തിന് അർഹരാണെന്നതിനാൽ ആയതിനായി അപേക്ഷകർ സാക്ഷ്യപത്രം ഹാജരാക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിട്ടിയിൽ ഹാജരാക്കുന്നതിനുള്ള സാക്ഷ്യപത്രമാണ് ശ്രീ. നിഷാദ് ഇ.എസ് എന്ന പേരിൽ ഹർജിക്കാരൻ എസ്.പി.ഐ.ഒ. മുമ്പാകെ ഹാജരാക്കിയിട്ടുള്ളത് എന്നതിനാൽ ടി സാക്ഷ്യപത്രം വിവരാവകാശ നിയമപ്രകാരം ഫീസ് ഇളവ് ലഭിക്കുന്നതിന് അംഗീകരിക്കാവുന്നതല്ല. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ സമയബന്ധിതമായി എതിർകക്ഷികൾ നൽകിയിട്ടുമുണ്ട്. ഹർജിക്കാരൻ ആവശ്യപ്പെട്ട കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം 2018 സംബന്ധിച്ച മറ്റ് വിശദവിവരങ്ങൾ, പ്രധാന നിർദ്ദേശങ്ങൾ എന്നിവ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.clinicalestablishments.kerala.gov.in-ൽ ലഭ്യമായിട്ടുള്ളതുമാണ്. ആയതിനാൽ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകതയില്ലെന്നതിനാൽ ഇക്കാര്യത്തിൽ ഹിയറിംഗ് ആവശ്യമില്ലെന്ന് വിലയിരുത്തിയും എതിർകക്ഷികൾ നൽകിയ മറുപടി ശരിവെച്ചുകൊണ്ടും ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 10-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us

STATE INFORMATION COMMISSION * THIRUVANANTHAPURAM * KERALA

RIGHT TO INFORMATION